ഓം

പരമഭട്ടാര ഗുരുകുലം ഗ്രന്ഥാവലി No. 5

# സ്മരണാഞ്ജലി

കുലഗുരുപ്രതിഷ്ഠ

## വിശേഷാൽപതിപ്പ്



ശ്രീ ഭക്താനന്ദ ഗുരുദേവൻ സ്വഗുരുപാദത്തിൽ

പ്രസാധകൻ:— ഭാഗ്യാനന്ദതീർത്ഥപാദർ
ശ്രീരാമാനന്ദനഗർ
വടയമ്പാടി P. O.

വില രൂപ 1-50

അന്നൊരിക്കൽ പുത്തൻകാവു മൈതാനത്തു് നാടൻപന്തുകളി വാശിയോടു കൂടി നടക്കുകയാണു്. കുംഭമാസത്തിലെ ഉഗ്രമായ വെയിലത്തു് കാഷായ വസ്ത്രധാരിയായ ഒരു പ്രാംശുകായൻ കാഷായ വസ്ത്രംകൊണ്ടു് മൂടിയ ആ ശീലക്കുടയും ചൂടി, മെതിയടിയിൽ നടന്നു് ആ വഴിക്കു് പോയി. പന്തുകളിയുടെ നേതാവു് കളിയിലുള്ള ചിന്ത ഉപേക്ഷിച്ചു്, താനറിയാതെതന്നെ അദ്ദേഹത്തെ പിന്തുടർന്നു് നടന്നു. ആ പ്രാംശുകായൻ തന്റെ

പുറകെ നടക്കുന്ന യുവാവിനെ ഒന്നു തിരിഞ്ഞു നോക്കുക പോലും ചെയ്തില്ല. ഏകദേശം മൂന്നുമൈൽ ദൂരം പോയി. പാടത്തുകൂടി നടന്നു പോററാനിക്കര നടക്കലേക്കുള്ള ഇടവഴിയിൽ ഇരുവരും എത്തി അല്പംകൂടി നടന്നു. അതിനുശേഷം ആ സന്യാസി ശ്രേഷ്ഠൻ തിരിഞ്ഞുനിന്നു വിസ്തൃതവും ഭസ്മശോഭിതവുമായ ആ ഫാലപ്രദേശം ആ യുവാവു ദർശിച്ചു. ഹസ്തചലനം കൊണ്ടു്, ആ സന്യാസിവര്യൻ തന്നെ പിൻതുടർന്ന യുവാവിനു് ഉ

പദേശം നൽകി. മൂന്നു പൂവൻ പഴവും സമ്മാനിച്ച് തിരിച്ചുപോകാൻ അനുവാദം നൽകി. ആ മഹാത്മാവ് ശ്രീ നീലകണ്ഠതീർത്ഥപാദ സ്വാമികളായിരുന്നു. യുവാവ് പിന്നീട് ശ്രീ ഭക്താനന്ദ സ്വാമികൾ എന്നറിയപ്പെട്ട പുലവത്തിൽ കേശവൻ കർത്താവും.

ലൌകിക സുഖങ്ങളിൽനിന്നും മമതാ ബന്ധാദികളിൽ നിന്നും. വളരെയേറെ അകന്ന് നിന്നെങ്കിലേ ഒരുവന് ആദ്ധ്യാത്മികനിഷ്ഠ വഴിപോലെ അനുഷ്ഠിക്കുവാൻ സാധിക്കുകയുള്ളൂ. കേശവൻ കർത്താവിന്റെ പില്ക്കാല ജീവിതത്തെപ്പറ്റി പഠിച്ചാൽ അദ്ദേഹത്തെ പൂർവ്വാശ്രമത്തിൽ നിന്നും വളരെയേറെ അകറ്റിനിർത്തിയ പ്രഥമഗുരു ശ്രീ നീലകണ്ഠതീർത്ഥപാദ സ്വാമികളാണെന്ന് നമുക്ക് അനുമാനിക്കാം.

എല്ലാവിധ സാത്വിക ലക്ഷണങ്ങളും തികഞ്ഞ ആ മോഹന ഗാത്രം അവതരിച്ചത് 1047-ാമാണ്ട് ഇടവമാസത്തിൽ തൃക്കേട്ടനക്ഷത്രത്തിൽ മൂവാറ്റുപുഴക്ക സമീപം മാറാടികരയിൽ വാളാനിക്കാട്ട് ഭവനത്തിലാണ്. അദ്ദേഹത്തിന്റെ മാതൃനാമം കല്യാണിയെന്നായിരുന്നു. പിതൃഭവനം പാമ്പാക്കുടയിൽ കണികുന്നേൽ ഭവനവുമാണ്. ബാല്യകാലം പിതൃഭവനത്തിൽതന്നെ കഴിച്ച അദ്ദേഹത്തിന് സൽഗുണസമ്പൂർണ്ണനും പണ്ഡിതനുമായിരുന്ന പിതാവിന്റെ നിയന്ത്രണത്തിൽ സത്ഗുണ നിഷ്ഠകൾ പരിശീലിക്കുവാൻ കൂടുതൽ സൌകര്യം ലഭിച്ചു.

പരമേശ്വരൻ എന്ന മൂത്ത മാതുലനാണ് അദ്ദേഹത്തെ ആദ്യം എഴുത്തിനിരുത്തിയത്. പിതാവിൽനിന്നു കുറെ സംസ്കൃതഭാഷയും ജോതിഷവും പഠിച്ചതിനുശേഷം ആദ്യം തൃപ്പൂണിത്തുറയും, പിന്നീട് എറണാകുളത്തും ഇംഗ്ലീഷ് സ്കൂളിൽ ചേർന്ന് വിദ്യാഭ്യാസം ചെയ്തു. മിഡിൽസ്കൂൾ പരീക്ഷ ജയിച്ചു. വിദ്യാഭ്യാസകാലത്ത് പിതാവിൽ നിന്നോ സ്കൂളിലെ അദ്ധ്യാപകരിൽ നിന്നോ യാതൊരു ശിക്ഷയും സ്വീകരിക്കുവാൻ ഇടവരാത്തവിധം പഠിത്തത്തിലും സ്വഭാവശുദ്ധിയിലും പ്രത്യേക നിഷ്ഠ പാലിച്ചിരുന്നു

പിതാവിന്റെ ദേഹവിയോഗത്തിനുശേഷം ഇളയ മാതുലന്റെ സംരക്ഷണയിൽ വളർന്നു. അക്കാലത്ത് ജ്യേഷ്ഠസഹോദരനിൽ നിന്നും, ദീർഘമനയ്ക്കലെ തിരുമേനിയിൽ നിന്നും കുടുംബപാരമ്പര്യമനുസരിച്ചുള്ള വിഷഹരപ്രയോഗങ്ങളും അഭ്യസിച്ചു.

ബാല്യത്തിലെ തന്നെ ഒരു വിഷ്ണുഭക്തനായിരുന്നതിനാൽ ഏകാദശ്യാദിവ്രതാനുഷ്ഠാനങ്ങളിലും വിശ്രമം കിട്ടുമ്പോഴെല്ലാം ജപാദികളിലും മുഴുകുവാൻ അദ്ദേഹത്തിന് പ്രത്യേകം ഔത്സുക്യം ഉണ്ടായിരുന്നു. അക്കാലത്തുതന്നെ പല മന്ത്രങ്ങളും സിദ്ധിവരുത്തുകയും ചെയ്തു

അതിവർണ്ണാശ്രമിയായി ലീലയാ കാലമധികം നയിച്ച പരമഭട്ടാരക ശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ പലപ്പോഴും മൂവാറ്റുപുഴവന്ന് താമസിക്കാറുണ്ടായിരുന്നതിനാൽ അവിടെവച്ച് തിരുവടികളെ ദർശിക്കാൻ സാധിച്ചു. ഒരു ജൈത്ര

തിഷികനുമൊരുമിച്ചാണു് ആദ്യദർശനത്തിനു് പോയതു്. ആ പരിചയം വളൎന്നു യുവാവു് തിരുവടികളെ തൻ്റെ അദ്ധ്യാത്മികഗുരുവായി സ്വീകരിച്ചു. അവിടത്തെ ഉപദേശത്തിലും മേൽനോട്ടത്തിലും യോഗപരിശീലനം ആരംഭിച്ചു. പിന്നീടുള്ള ജീവിതകാലം ആ പരബ്രഹ്മസ്വരൂപൻ്റെ ഹിതാനുസരണം അവിടുന്നു് വൎത്തിച്ചുവന്നു.

വിഷഹാരിയായ തൻ്റെ ജ്യേഷ്ഠനെ ഒരിക്കൽ ഒരു ഉഗ്രനാഗം ദംശിച്ചു ജ്യേഷ്ഠനെ രക്ഷിക്കാൻ മറ്റാരാലും കഴിയാതെ വന്നപ്പോൾ താൻ തന്നെ മന്ത്രസിദ്ധിയാൽ ജ്യേഷ്ഠനെ രക്ഷപ്പെടുത്തുകയും ചെയ്തു. തൽഫലമായി കടിച്ച പാമ്പു് ചാവുകയും ചെയ്തതായി പിന്നീടു് അറിയുവാൻ സാധിച്ചു. അതിനുശേഷം അപ്രകാരമുള്ള പ്രവൃത്തികളിൽ അദ്ദേഹം ഏർപ്പെട്ടിട്ടുമില്ല. ആ സംഭവം ആത്മനിഷ്ഠ കുറച്ചുകൂടി ദൃഢമാക്കുവാനും കാരണമായി.

ബാല്യത്തിലെ തന്നെ കവിതകൾ എഴുതുന്നതിനു് വാസന പ്രദർശിപ്പിച്ചിരുന്ന അദ്ദേഹം ഗ്രന്ഥരചന മൂലവും ജനോപകാരപ്രദമായവിധം വൎത്തിച്ചിട്ടുണ്ടു്. സംസ്കൃത പാണ്ഡിത്യം സമ്പാദിച്ചിരുന്നതിനാൽ അമൂല്യങ്ങളായ പല മൂലഗ്രന്ഥങ്ങളും പരിശോധിച്ചും പഠിച്ചും കാലാനുസൃതമായ പലേ നവീന ഗ്രന്ഥങ്ങളും രചിക്കുകയുണ്ടായിട്ടുണ്ടു്. ഗ്രന്ഥരചനയിലും അദ്ദേഹം ഗുരുപാദരുടെ ആജ്ഞ അനുസരിച്ചിരുന്നു. ആചാരപദ്ധതിയും ദേവാർച്ചാപദ്ധതിയും മറ്റും അപ്രകാരം രചിച്ചതാണു്.

ഹിന്ദുക്കളുടെ ഇടയിൽ ശാസ്ത്രോക്തമായ രീതിയിൽ സംസ്കാരകർമ്മങ്ങളിലും ദേവപൂജാദികളിലും വരുത്തേണ്ടിയിരുന്ന മാററങ്ങൾ ചിന്തിച്ചറിഞ്ഞു രചിച്ച ഗ്രന്ഥവിധികൾ സമൂഹത്തിനിടയിൽ പ്രായോഗികമാക്കുന്നതിന് അല്പപരിശ്രമം അവിടന്ന് ചെയ്യാതിരുന്നില്ല. എങ്കിലും താദൃശവൃത്തികളിലും വിരക്തത പ്രാപിച്ചിരുന്നു. പരമഭട്ടാര പരബ്രഹ്മസ്വരൂപൻെറ ശിഷ്യപരമ്പരയിൽപ്പെട്ട പലരും ആ വിധികൾ സമുദായത്തിൽ നടപ്പിലാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അതിന് ഏററവും കൂടുതൽ പ്രചാരം വരുത്തിയത് ശ്രീ ഭക്താനന്ദ സ്വാമി തൃപ്പാദങ്ങളാണെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ് -ശൂദ്രത്വം സ്വയം ഭാവിച്ചിരുന്നവരെ, ബ്രാഹ്മണനിഷ്ഠകളിൽ കൂടി വളർത്തുന്നതിനും സമൂഹത്തോട് ബന്ധപ്പെട്ട ആധ്യാത്മിക ധർമ്മങ്ങളും ക്ഷേത്രാരാധനാദികളും എല്ലാവർക്കും ചെയ്യുവാൻ അവകാശം സ്ഥാപിക്കുന്നതിനും താൻ പ്രവർത്തിച്ച ധർമ്മകേന്ദ്രങ്ങളിലെല്ലാം അദ്ദേഹം ശക്തിയായ പ്രചരണം നടത്തിയിരുന്നു. ആശ്രമങ്ങളിൽ താമസിപ്പിച്ച് പലരെയും അഭ്യസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ നാരായണധർമ്മ പരിപാലന സംഘത്തിൻെറ ആഭിമുഖ്യത്തിൽ വർക്കല ശിവഗിരിമഠത്തിൽ ആണ്ടുതോറും വിദ്യാർത്ഥികളെ സ്വീകരിച്ച് ശിക്ഷണം നൽകിവരുന്നതിൻെറയും അടിത്തറ ഈ ആചാര പദ്ധതിയും ദേവാർച്ചാപദ്ധതിയും ആണ്. ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമികളുടെ സംസ്കൃത ഗ്രന്ഥങ്ങൾക്ക് ജർമ്മനി മുതലായ വിദേശ രാജ്യങ്ങളിലും പ്രചുരപ്രചാരം ലഭിച്ചിട്ടുണ്ട്.

ഭാഗവതാദി പുരാണങ്ങളിൽ വായിച്ചിട്ടുള്ള ദിവ്യക്ഷേത്രങ്ങൾ ഒട്ടുമിക്കവാറും ഒരു പുരാണ വസ്തു ഗവേഷകനെന്ന നിലയിലും അദ്ദേഹം ഭാരതം മുഴുവൻ തന്നെ സഞ്ചരിച്ചു. ആ യാത്രകളിൽ അനേകം പണ്ഡിതന്മാരുമായി പരിചയപ്പെടുന്നതിനും സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

അന്യാദൃശമായ പാണ്ഡിത്യം, യോഗവിധിപ്രകാരമുള്ള ജീവിതചര്യ, കഠിനവൈരാഗ്യം, സന്ന്യാസ നിഷ്ഠിതി, ആത്മസാക്ഷാത്കാരം മുതലായവയാൽ പ്രശസ്തനായതോടുകൂടി, മികച്ച ഒരു ശിഷ്യസമ്പത്തും അദ്ദേഹത്തിനുണ്ടായി. നാനാ ജാതിയിലും വർഗ്ഗത്തിലും പെട്ടവർ അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചുള്ള അനുഷ്ഠാനങ്ങളാൽ ശുദ്ധരായി ജീവിതം നയിക്കയും ചെയ്തു. കൂടൽമാണിക്യം ദേവപ്രതിനിധിയായ തച്ചുടയതമ്പുരാൻ, ശ്രീ പന്നിശ്ശേരി നാണുപിള്ള, സ്വാമി പരമ വിജ്ഞാനബോധൻ, ആത്മയോഗിനിയമ്മ മുതലായവർ അവരിൽ പ്രഥമ ഗണനീയരാണ്.

വിദേശയാത്ര കഴിഞ്ഞ് തിരിച്ചുവന്നതിനുശേഷം ലോകസേവനോത്സുകനായ ഗോവിന്ദസ്ഥാനേശ്വരൻ എന്ന ശിഷ്യന്റെ മഠത്തിൽ താമസിച്ചുകൊണ്ട് "അദ്വൈതസഭ" സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി, 1088-ാമാണ്ട് ഗോവിന്ദസ്ഥാനേശ്വരൻ നിര്യാണം പ്രാപിച്ചതിനുശേഷം ഇദ്ദേഹം കരുനാഗപ്പള്ളിയിൽ താഴത്തോട്ടത്ത് വേലുപ്പിള്ള എന്ന ശിഷ്യന്റെ നിർബന്ധത്താൽ താ

വാസം അങ്ങോട്ടു മാററി. ശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ ഷഷ്ട്യബ്ദപൂത്തിസ്മാരകമായി സ്ഥാപിച്ച എഴമററൂർ ആശ്രമം കേന്ദ്രമാക്കി, പ്രവത്തനമാരംഭിച്ച തീത്ഥപാദീയ പരമ്പരയുടെ ആദ്ധ്യക്ഷസ്ഥാനത്തും അദ്ദേഹം അലങ്കരിക്കപ്പെട്ടിരുന്നു.

ജാതകവശാൽ ദീർഘായുഷ്മാനല്ലായിരുന്നുവെങ്കിലും, യോഗാഭ്യാസാദികളാലും, കല്പസേവകളാലും, ആയുർദൈർഘ്യം വദ്ധിപ്പിക്കുവാൻ അദ്ദേഹത്തിനു് സാധിച്ചു. താഴത്തോട്ടത്തു് വിശ്രമിക്കുന്ന കാലത്തു് 49-ാമത്തെ വയസ്സിൽ ഭക്തജനങ്ങൾക്കു് മുന്നറിയിപ്പു നല്കിക്കൊണ്ടുതന്നെ, കമ്മകൃതാത്ഥത കൈവരിച്ചു് സ്വയം മഹാസമാധിയിൽ ലയിച്ചു.

ആ പരമസമാധി അറിഞ്ഞ ഗുരുപാദർ താഴത്തോട്ടത്തു് എഴുന്നെള്ളി പത്മാസനസ്ഥനായ ശിഷ്യോത്തംസവിഗ്രഹംകണ്ടു് അശ്രുപൂർണ്ണമായ കണ്ണുകളോടെ ശിരസ്സിൽ തലോടി "ബ്രഹ്മാവു് സൃഷ്ടിച്ച ഒരു മഹാലോകം ഇതാ തകന്നിരിക്കുന്നു" എന്നു കല്പിച്ചു. ലോകോത്തരമായ ചര്യാവിശേഷത്താലും വിശ്വവിഖ്യാതമായ പാണ്ഡിത്യത്താലും മററും ആരാധ്യനായിത്തീന്ന ആ സുകൃതനിധി ശ്രീ ചട്ടമ്പിസ്വാമി തിരുവടികളുടെ ശിഷ്യവഗ്ഗത്തിൽ പ്രഥമ ഗണനീയനാണു്.

തിരുവടികളുടെ അനുജ്ഞയോടുകൂടി താഴത്തോട്ടത്തു തന്നെ വിധിപ്രകാരം സമാധിയിരുത്തി പൂർവാചാരം അനുസരിച്ചു് ക്ഷേത്രം നിമ്മിച്ചു്, ശിവലിംഗപ്രതിഷ്ഠ നടത്തി. പ്രതിഷ്ഠാധമ്മം നിർവഹിച്ചതു് ശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ തന്നെയാണു്. ഭക്തജനങ്ങൾ, പ്ര